3
വെള്ളി
2018 ആഗസ്ത്
1193 കർക്കടകം 18

മക്തബ്

www.makthabdaily.com

തളിപ്പറമ്പ പുസ്തകം 11 ലക്കം 238 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

മന്ത്രി അൽഫോൺസ് കണ്ണന്താനവുമായി വയൽക്കിളികളും ബി.ജെ.പി. നേതാക്കളും ചർച്ച നടത്തുന്നു

മന്ത്രി അൽഫോൺസ് കണ്ണന്താനം വയൽക്കിളി നേതാക്കളുമായി ചർച്ച നടത്തി

ഡൽഹി: കേന്ദ്ര-ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയുമായി കീഴാറ്റൂർ ബൈപ്പാസ് സംബന്ധിച്ച് ഇന്ന് ഉച്ചക്ക് ഒരു മണിക്ക് ചർച്ച നടത്തുന്നതിന് മുന്നോടിയായി വയൽക്കിളി നേതാക്കൾ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനവുമായി ചർച്ച നടത്തി. ഇന്നലെ വൈകുന്നേരമായിരുന്നു ചർച്ച. വയൽക്കിളി സമരനേതാവ് സുരേഷ് കീഴാറ്റൂർ, രതീഷ്, പി. ലക്ഷ്മണൻ, ഐക്യദാർഢ്യ സമിതി കൺവീനർ നോബിൾ എം. പൈകട എന്നിവരാണ് ചർച്ച നടത്തിയത്. ബി.ജെ.പി നേതാക്കളായ പി.കെ. കൃഷ്ണദാസും, ബി. മുരളീധരൻ എം.പിയും ചർച്ചയിൽ പങ്കാളികളായി. വയൽക്കിളികൾ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് അൽഫോൺസ് കണ്ണന്താനത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇന്ന് ഉച്ചക്ക് 12.45ന് മന്ത്രി നിതിൻ ഗഡ്കരിയുമായി നടത്തുന്ന ചർച്ചയിൽ നമ്പ്രാടത്ത് ജാനകിയും പങ്കെടുക്കും. തുരുത്തി സമരസമിതി നേതാവ് നിഷിൽ കുമാറും ചർച്ചയിൽ പങ്കെടുക്കും. ചർച്ചയിൽ ബദൽ അലൈൻമെന്റുകളെ കുറിച്ചുള്ള റിപ്പോർട്ടും രൂപരേഖയും വയൽക്കിളികൾ സമർപ്പിക്കും. നേരത്തെ പാപ്പിനിശേരിയിൽ തയ്യാറാക്കിയ അലൈൻമെന്റ് അട്ടിമറിച്ച് തുരുത്തി കോളനി വഴിയാക്കിയത് സംബന്ധിച്ച വിവരങ്ങൾ നിഷിൽ കുമാർ കേന്ദ്രമന്ത്രിയെ ധരിപ്പിക്കും.

ചർച്ചയിലൂടെ എന്തെങ്കിലും പ്രശ്നപരിഹാര മുണ്ടാകുമെന്നാണ് കരുതുന്നത്. ഉച്ചക്ക് 1.15ന് കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം മാധ്യമ പ്രവർത്തകരെ കാണുന്നുണ്ട്. അതിൽ ചർച്ചയുടെ തീരുമാനം വെളിപ്പെടുത്തുമെന്നാണ് കരുതുന്നത്.

അഹല്യയെയും ഗൗതമ മഹർഷിയെയും ഇന്ദ്രനെയും അപമാനിച്ച് ബി.ജെ.പി മാധ്യമത്തിൽ കഥ; വിവാദമായപ്പോൾ പിൻവലിച്ചു

കണ്ണൂർ: പുരാണ ഇതിഹാസ കഥാപാത്രമായ അഹല്യയെയും ഗൗതമ മുനിയെയും ഇന്ദ്രനെയും മറ്റും അപമാനിച്ചുകൊണ്ട് ബി.ജെ.പി മുഖപത്രമായ ജന്മഭൂമിയുടെ ഓൺലൈനിൽ പ്രസിദ്ധീകരിച്ച കഥ സമൂഹ മാധ്യമങ്ങളിൽ വൈറലായി. 2014ലാണ് ജന്മഭൂമിയുടെ ഇപ്പോൾ തൃശൂർ ലേഖകനായ ടി.എസ്. നീലാംബരന്റെ 'അത്രമേൽ അകന്ന' എന്ന കഥ ഓൺലൈൻ എഡീഷനിൽ പ്രസിദ്ധീകരിച്ചത്. എസ്. ഹരീഷിന്റെ 'മീശ' നോവൽ ഹൈന്ദവ വിശ്വാസികളെ അവഹേളിക്കുന്നുവെന്ന് ആരോപിച്ച് പ്രതിഷേധം കനത്ത സാഹചര്യത്തിലാണ് ചിലർ ഈ കഥ സമൂഹമാധ്യമങ്ങളിൽ എടുത്തിട്ടത്. ആദ്ധ്യാത്മരാമായണം വായിച്ചാൽ കാമം ഉണരുമെന്ന് പറയുന്നതാണ് കഥ. ഗൗതമമുനിയെയും അഹല്യയെയും ഇന്ദ്രനെയും ഒക്കെ കാമാർത്തികളായി ചിത്രീകരിക്കുന്ന കഥയിൽ സ്ത്രീകളുടെ ശരീരഭാഗങ്ങളെ കുറിച്ച് പച്ചമലയാളത്തിൽ തന്നെ എഴുതിയിട്ടുണ്ട്. കാമപൂർത്തിക്കായി ഇന്ദ്രൻ മൊബൈൽ ഫോണിൽ അഹല്യയെ വിളിക്കുന്നതും ഐരാവതത്തിന്റെ പുറത്ത് വരുന്നത് വല്ല ഓട്ടോയും പിടിച്ച് വന്നാൽ മതി. പാൽക്കാരന്റേയോ പത്രവിതരണക്കാരന്റെയോ വേഷമാണ് ഉത്തമം എന്നിങ്ങനെ ആഹല്യ മറുപടി നൽകുന്നതായി കഥയിലുണ്ട്. അഹല്യയെ ശപിക്കാനെത്തിയ ഗൗതമമുനി അവളെ പ്രാപിച്ചതായും കഥയിലുണ്ട്.

ഗൗതമനെയും അഹല്യയെയും തേടി രാമനും ലക്ഷ്മണനും എത്തുന്നതും കുടിക്കാൻ സംഭാരമില്ലെന്ന് അഹല്യ പറഞ്ഞപ്പോൾ കാപ്പിമതി, മധുരം കുറക്കേണ്ട എന്ന് അവർ മറുപടി പറയുന്നതും കഥയിലുണ്ട്.

കഥ വിവാദമായതിനെ തുടർന്ന് കഴിഞ്ഞ ദിവസം ജന്മഭൂമി വെബ്സൈറ്റിൽ നിന്ന് അത് പിൻവലിച്ചു. ഈ പേജ് ഇപ്പോൾ ലഭ്യമല്ല എന്ന ഉത്തരമാണ് ലഭിക്കുന്നത്.

കണ്ണൂരിൽ കൊക്കൈനുമായി നൈജീരിയക്കാരൻ അറസ്റ്റിൽ

കണ്ണൂർ: മാരക ലഹരിവസ്തുവുമായി നൈജീരിയക്കാരൻ കണ്ണൂരിൽ പോലീസ് പിടിയിലായി. നൈജീരിയ സ്വദേശി അക്കുബേ ചിതേര ഫ്രാൻസിസിനെ (28) ആണ് ടൗൺ എസ്.ഐ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിൽ പിടികൂടിയത്. കണ്ണൂർ റെയിൽവേ സ്റ്റേഷന് സമീപത്തുള്ള കാട്ടിൽ ഒളിച്ചുകഴിയവെയാണ് ഇയാൾ പിടിയിലായത്.

ബുധനാഴ്ച രാത്രി പട്രോളിംഗ് നടത്തുന്നതിനിടയിൽ ടൗൺ സി.ഐ ടി.കെ. രത്നകുമാറിന് നൈജീരിയക്കാരൻ കൊക്കൈനുമായി കണ്ണൂരിൽ എത്തിയെന്ന രഹസ്യ വിവരം ലഭിച്ചിരുന്നു. നഗരത്തിലെ മുഴുവൻ ലോഡ്ജുകളും പരിശോധിച്ചെങ്കിലും ആളെ കണ്ടെത്താനായില്ല. ഇതേ തുടർന്ന് സൈബർ സെല്ലിലെ രൂപേഷ്, വിജേഷ് എന്നിവർ 1000 ത്തോളം ഫോൺ വിളികൾ പരിശോധിച്ചു. അങ്ങനെ പരിശോധിക്കവെ റെയിൽവേ സ്റ്റേഷന് സമീപത്തെ ടവറിൽ നിന്ന് നൈജീരിയയിലേക്ക് ഫോൺ കോളുകൾ പോയതായി മനസിലായി. ഇക്കാര്യം വ്യക്തമായതോടെ എസ്.പിയുടെ സ്.കാഡിലെ എ.എസ്.ഐ മാരായ രാജീവൻ, മഹിജൻ, സിവിൽ പോലീസ് ഓഫീസർമാരായ സഞ്ജയ്, മിഥുൻ, അനീഷ് എന്നിവരടങ്ങിയ സംഘം റെയിൽവേ സ്റ്റേഷൻ പരിസരം അരിച്ചുപെറുക്കിയപ്പോഴാണ് കാട്ടിൽ ഒളിച്ചുകഴിയുന്ന ഫ്രാൻസിസിനെ കണ്ടെത്തിയത്. ഇയാളുടെ കൈവശമുണ്ടായിരുന്ന ലഹരിവസ്തു കണ്ണൂർ റീജനൽ കെമിക്കൽ ലാബിൽ പരിശോധിച്ചപ്പോഴാണ് കൊക്കൈനാണെന്ന് മനസിലായത്.

അക്കുബേ ചിതേര ഫ്രാൻസിസ്

ഖത്തറിൽ ഇയാളുടെ മൂത്ത സഹോദരന്റെ ബിസിനസ് പങ്കാളിയായ മലയാളിക്ക് നൽകാൻ കൊണ്ടുവന്നതാണ് കൊക്കൈൻ എന്നാണ് ഡി.വൈ.എസ്.പി പി.പി. സദാനന്ദന്റെ നേതൃത്വത്തിൽ ചോദ്യം ചെയ്തപ്പോൾ ഇയാൾ ആദ്യം പറഞ്ഞത്. എന്നാൽ ഇയാൾ പറഞ്ഞ മലയാളിയുടെ ഫോൺ വിവരങ്ങൾ പരിശോധിച്ചപ്പോഴാണ് ഇത് കളവാണെന്ന് മനസിലായത്. പിന്നീട് ബംഗ്ളൂരുവിനടുത്ത് മറ്റൊരു കണ്ണൂരുണ്ടെന്നും അവിടേക്ക് വന്നതാണെന്നും മാറ്റിപ്പറഞ്ഞു. എന്നാൽ ഇയാളുടെ കൈവശമുണ്ടായിരുന്ന മൊബൈൽ ഫോണിലെ വാട്സ് ആപ്പിൽ കേരളത്തിന്റെയും കണ്ണൂരിന്റെയും റൂട്ട്മാപ്പ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉണ്ടായിരുന്നു.

കേരളത്തിൽ മയക്കുമരുന്ന് എത്തിക്കുന്ന വൻ ശൃംഖലയിലെ കണ്ണിയാണ് ഇയാളെന്ന് പോലീസ് കരുതുന്നു. വിശദമായി ചോദ്യം ചെയ്തുവരികയാണ്. യാതൊരുവിധ യാത്രാരേഖയും ഇല്ലാതെയാണ് ഇയാൾ കണ്ണൂരിലെത്തിയത്.

സമീപകാലത്ത് കണ്ണൂർ ജില്ലയിൽ കൊക്കൈൻ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുമായി പിടിയിലാകുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും പുതിയ മയക്കുമരുന്നുകൾ അടക്കം കണ്ണൂരിൽ എത്തുന്നുണ്ടെന്നാണ് സൂചന.

ടയർ കടയുടെ മറവിൽ പുകയില ഉൽപ്പന്ന വിൽപ്പന; മൂന്നുപേർ അറസ്റ്റിൽ

പരിയാരം: ടയർ കടയുടെ മറവിൽ നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിറ്റ മൂന്നുപേരെ പരിയാരം എസ്.ഐ വി.ആർ.വിനീഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു. പിലാത്തറ പീരക്കാംതടത്തിലെ ടയർ കടയുടെ മറവിലായിരുന്നു വിൽപ്പന. ഉത്തർപ്രദേശ്, അലഹബാദ് സ്വദേശി അശോക്കുമാർ (20), യു.പി ബഥോനിയിലെ ബപ്പലു (25), ടയർ റീസോളിംഗ് ജീവനക്കാരൻ കുടക് അയ്യങ്കേരി സ്വദേശി എം.കെ.അഷ്കർ (29) എന്നിവരാണ് പിടിയിലായത്.

ടയർ കടയുടെ അരികിലായി നേരത്തെ മുതൽ പുകയില ഉൽപ്പന്നവിൽപ്പനയുണ്ടായിരുന്നു. മാരക ലഹരി ഉൽപ്പന്നങ്ങൾ കടയിലെ ടയറുകൾക്കിടയിൽ ഒളിപ്പിച്ചുവച്ചായിരുന്നു വിൽപ്പന. എ.എസ്.ഐ സാംസണിന്റെ നേതൃത്വത്തിൽ പോലീസ് പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു. പോലീസുകാരായ പ്രസന്നൻ, പ്രമോദ് എന്നിവരും പരിശോധന നടത്തിയ സംഘത്തിലുണ്ടായിരുന്നു.

പാൻമസാലയുമായി പിടിയിലായവർ പോലീസുകാർക്കൊപ്പം

മാധ്യമ പ്രവർത്തകന്റെ പണമടങ്ങിയ പേഴ്സ് ബസിൽ പോക്കറ്റടിച്ചു

പരിയാരം: മാധ്യമ പ്രവർത്തകന്റെ പണവും എ.ടി.എം കാർഡും അടങ്ങിയ പേഴ്സ് ബസിൽ പോക്കറ്റടിച്ചു. മാധ്യമം പയ്യന്നൂർ ലേഖകൻ രാഘവൻ കടന്നപ്പള്ളിയുടെ 3000രൂപ അടങ്ങിയ പേഴ്സാണ് നഷ്ടപ്പെട്ടത്. ഇന്നലെ വൈകുന്നേരം പയ്യന്നൂരിൽ നിന്ന് പരിയാരത്തേക്ക് സ്വകാര്യ ബസിൽ യാത്ര ചെയ്യവെയാണ് പോക്കറ്റടി. പരിയാരത്ത് ബസിറങ്ങിയപ്പോഴാണ് പേഴ്സ് നഷ്ടപ്പെട്ടത് അറിഞ്ഞത്. പരിയാരം പോലീസ് കേസെടുത്തു.

പണവുമായി പോവുകയായിരുന്ന ആളെ തട്ടിക്കൊണ്ടുപോയ കേസിൽ രണ്ടാമനും പിടിയിൽ

മട്ടന്നൂർ: പണവുമായി പോവുകയായിരുന്ന ആളെ കാറിൽ തട്ടിക്കൊണ്ടുപോയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. കോളയാട് മേനച്ചോടിയിലെ വിശ്വനാഥനെയാണ് (30) മട്ടന്നൂർ എസ്.ഐ ശിവൻ ചോടോത്ത് അറസ്റ്റ് ചെയ്തത്. ഈ കേസിൽ ഇന്നലെ ചാലക്കുടി വലിയോളിപ്പറമ്പിലെ സതീശനെ (28) അറസ്റ്റ് ചെയ്തിരുന്നു.

കഴിഞ്ഞ ശനിയാഴ്ച വടകര സ്വദേശി ടി.വി.ഹുസൈനെയാണ് കാറിലെത്തിയ സംഘം തട്ടിക്കൊണ്ടുപോയത്. രണ്ടുലക്ഷം രൂപയുമായി റോഡിലൂടെ നടന്നുപോകവെ ചാവശേരി പഴയ പോസ്റ്റോഫീസ് പരിസരത്ത് വച്ചാണ് കാറിൽ ബലമായി പിടിച്ചുകയറ്റി അമിതവേഗതയിൽ ഓടിച്ചുപോയത്. പത്തൊമ്പതാംമൈൽ, ചാവശേരിപ്പറമ്പ് വഴി പോയ കാർ എതിരെ വന്ന ബൈക്കിനും കാറിനുമിടിച്ച് പറയനാട് ആട്ടുലം റോഡരികിലെ കുഴിയിലേക്ക് മറിഞ്ഞു. ഇതോടെ സതീശനെയും വിശ്വനാഥനെയും നാട്ടുകാർ പിടികൂടി പോലീസിന് കൈമാറുകയായിരുന്നു. ഇവരിൽ നിന്ന് കത്തിയും തോക്കിൽ ഉപയോഗിക്കുന്ന മൂന്ന് തിരകളും പോലീസ് കണ്ടെടുത്തിരുന്നു. അപകടത്തിൽ പരിക്കേറ്റ് ഇരുവരും കണ്ണൂർ ഗവ. ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഡിസ്ചാർജ്ജായതോടെയാണ് രണ്ടുപേരെയും അറസ്റ്റ് ചെയ്തത്. ഇവരുടെ കാർ സംഭവദിവസം തന്നെ നാട്ടുകാർ അടിച്ചു തകർത്തിരുന്നു.

വിശ്വനാഥൻ

സതീശൻ

മാവോയിസ്റ്റ് ദമ്പതികളുടെ മകൾ പീഡനക്കേസിൽ മൊഴി നൽകാൻ 11ന് തളിപ്പറമ്പിലെത്തും

തളിപ്പറമ്പ: ആക്ടിവിസ്റ്റ് എന്ന് പറഞ്ഞ് നടക്കുന്ന രജീഷ്പോൾ പീഡിപ്പിച്ചുവെന്ന കേസിൽ മൊഴി നൽകാൻ മാവോയിസ്റ്റ് ദമ്പതികളുടെ മകൾ 11ന് തളിപ്പറമ്പിലെത്തും. ജയിലിൽ കിടക്കുന്ന മാവോയിസ്റ്റ് ദമ്പതികളുടെ മകളെ രജീഷ്പോൾ പിലാത്തറയിലെ വാടക വീട്ടിൽ വച്ച് 2013ൽ പീഡിപ്പിച്ചുവെന്നാണ് പരാതി. പാലക്കാട് എസ്.പിക്ക് ഒരു വനിത പോലീസ് ഉദ്യോഗസ്ഥ നൽകിയ പരാതിയെ തുടർന്ന് പാലക്കാട് നോർത്ത് പോലീസ് രജീഷ്പോളിനെതിരെ കേസെടുത്തിരുന്നു. എന്നാൽ സംഭവം നടന്നത് തളിപ്പറമ്പ് ഡി.വൈ.എസ്.പിയുടെ പരിധിയിലുള്ള സ്ഥലത്താണ്. അതിനാൽ കേസിൽ തുടർ നടപടിയുണ്ടാകുക ഇവിടെയായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാലിന് പീഡനത്തിനിരയായ പെൺകുട്ടിയെ ഫോണിൽ ബന്ധപ്പെട്ടിരുന്നു. ഇപ്പോൾ കൊൽക്കത്തയിലുള്ള പെൺകുട്ടി മൊഴി നൽകാൻ 11ന് എത്തുമെന്നാണ് അദേഹത്തെ അറിയിച്ചത്.

പരാതി തനിക്കോ പരിയാരം പോലീസ് സ്റ്റേഷനിലോ ഇ-മെയിലായി നൽകിയാൽ മതിയെന്ന് ഡി.വൈ.എസ്.പി നിർദേശിച്ചിരുന്നു. ഇക്കാര്യത്തിൽ തന്റെ സുഹൃത്തുകൂടിയായ ജനകീയ മനുഷ്യാവകാശ പ്രസ്ഥാനം നേതാവ് തുഷാർ നിർമ്മൽ സാരഥിയുമായി ബന്ധപ്പെട്ട് മറുപടി നൽകാമെന്ന് പെൺകുട്ടി വ്യക്തമാക്കി.

വിട്ടുമാറാത്ത തുമ്മൽ, ശ്വാസംമുട്ടൽ, ത്വക്രോഗങ്ങൾ മാറാൻ ചികിത്സ നാളെ (ശനി) തളിപ്പറമ്പ് യതീംഖാനയിൽ

തളിപ്പറമ്പ: തളിപ്പറമ്പ് യതീംഖാനയിൽ നാളെ (ശനി) രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണി വരെ അക്യുപങ്ചർ ചികിത്സ ലഭിക്കും. മരുന്നില്ലാത്ത അക്യുപങ്ചർ നാഡി പരിശോധന ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. ഈ ചികിത്സ കൊണ്ട് ശരീരത്തിന്റെ മൊത്തം രോഗ പ്രതിരോധശേഷി വർധിക്കും. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, കിഡ്നിയിലെ കല്ല്, മൂത്രക്കല്ല്, വിരശല്യം, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, തലവേദന, ചെന്നിക്കുത്ത്, കൈകാൽ മുട്ടുവേദന, ഊരവേദനകൾ, തരിപ്പുകൾ തുടങ്ങി ശരീരത്തിലെ എല്ലാവേദനകളും കൈകാൽ വിള്ളൽ, ടോൺസൺസ്, തൈറോയിഡ്, ചുമ, അലർജി, കഫക്കെട്ട് തുടങ്ങി എല്ലാ രോഗങ്ങൾക്കും കുട്ടികളിലെ ഉറക്കത്തിൽ മൂത്രമൊഴിക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും, ഓർമ്മശക്തി വർധിപ്പിക്കാനും ഈ ചികിത്സ ഉപകരിക്കും. വിശദ വിവരങ്ങൾക്ക് 9142022833 എന്ന നമ്പറിൽ ബന്ധപ്പെടണം. Advt